**ലേബർ കമ്മീഷണറുടെ നടപടിക്രമം**

(ഹാജർ: സഫ്ന നസറുദ്ദീൻ ഐ.എ.എസ്)

വിഷയം: തൊഴിൽ വകുപ്പ് - ജീവനക്കാര്യം - ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് നൽകിയ സ്ഥാനക്കയറ്റം - വകുപ്പുതല പരീക്ഷായോഗ്യത നേടിയിട്ടും യഥാസമയം സ്ഥാനക്കയറ്റത്തിനായി പരിഗണിക്കപ്പെടാതിരുന്ന ജീവനക്കാർക്ക് ജൂനിയറിന് സ്ഥാനക്കയറ്റം നൽകിയ തീയതിയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് അർഹമായ ഒഴിവുകളിൽ സ്ഥാനക്കയറ്റം ക്രമീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം :

1. ലേബർ കമ്മീഷണറുടെ 21/02/2017 തീയതിയിലെ E6/3360/2011 നമ്പർ ഉത്തരവ്
2. ലേബർ കമ്മീഷണറുടെ 25/04/2018 തീയതിയിലെ E6/3360/2011 നമ്പർ ഉത്തരവ്
3. ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 15/04/2021-ലെ ഇ(6) 14220/2018 നമ്പർ നടപടിക്രമം
4. എറണാകുളം ലേബർ കോടതിയിലെ സീനിയർ ക്ലാർക്ക് ശ്രീ.അർഷാദ് അലിയുടെ 13/01/2023 തീയതിയിലെ അപേക്ഷ
5. എറണാകുളം ജില്ലാ ലേബർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.കൃഷ്ണപ്രസാദിന്റെ 23/01/2023 തീയതിയിലെ അപേക്ഷ
6. കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. സുരേഷ് കെ.യുടെ 27/03/2023 തീയതിയിലെ അപേക്ഷ
7. കൊല്ലം ഒന്നാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസിലെ ക്ലാർക്ക് ശ്രീ.സുജീഷ് കെ.യുടെ അപേക്ഷ
8. തിരുവനന്തപുരം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലെ സീനിയർ ക്ലാർക്ക് ശ്രീ.പ്രശാന്ത് എച്ച്. ന്റെ 27/03/2023 തീയതയിലെ അപേക്ഷ
9. സർക്കാരിന്റെ 09/10/2023 തീയതിയിലെ D3/247/2023/LBR നമ്പർ കത്ത്

---

**ഉത്തരവ് നമ്പർ LCO/3020/2024-ഇ(8) തീയതി: 28/10/2024**

---

19/02/2015 തീയതി മുതൽ 01/03/2018 തീയതി വരെ തൊഴിൽ വകുപ്പിൽ ഉണ്ടായിട്ടുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ, ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ നിശ്ചിത യോഗ്യതയും സീനിയോരിറ്റിയും പരിഗണിച്ച് സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി പരാമർശം (1), (2) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇപ്രകാരം സ്ഥാനക്കയറ്റം ലഭിച്ച സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി ക്രമപ്പെടുത്തി പരാമർശം (3) പ്രകാരം അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. എന്നാൽ സ്ഥാനക്കയറ്റിനുവേണ്ടിയുള്ള നിശ്ചിത യോഗ്യത നേടിയിട്ടും തങ്ങളുടെ സീനിയോരിറ്റി മറികടന്ന് ജൂനിയർ ആയ

ക്ലർക്കുമാർക്ക് സ്ഥാനക്കയറ്റം നൽകിയാണ് സീനിയോരിറ്റി ക്രമീകരിച്ചു നൽകിയിട്ടുള്ളതെന്ന ആക്ഷേപം ഉന്നയിച്ചും ആയത് പരിഹരിക്കണമെന്ന് അഭ്യർത്ഥിച്ചും പരാമർശം (4), (5), (6), (7), (8) എന്നിവ പ്രകാരം യഥാക്രമം ശ്രീ.അർഷാദ് അലി, ശ്രീ.കൃഷ്ണപ്രസാദ്, ശ്രീ.സുരേഷ്.കെ, ശ്രീ.സുജീഷ്.കെ, ശ്രീ.പ്രശാന്ത്.എച്ച് എന്നീ സീനിയർ ക്ലാർക്കുമാർ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷകർ ഉൾപ്പെടെയുള്ള സീനിയർ ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ, ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം ലഭ്യമാക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് സീനിയറിനെ മറികടന്ന് ജൂനിയറിനെ പ്രൊമോട്ട് ചെയ്തിട്ടുണ്ടെങ്കിൽ ജൂനിയറിന് പ്രൊമോഷൻ നൽകിയ തീയതി പ്രാബല്യത്തിൽ സീനിയറിന് നോഷണൽ ആയി പ്രൊമോഷൻ അനുവദിച്ചശേഷം സീനിയോരിറ്റി ലിസ്റ്റിൽ മാറ്റം വരുത്തുവാൻ പരാമർശം(9) പ്രകാരം സർക്കാർ നിർദ്ദേശിക്കുകയുണ്ടായി.

ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം വിശദമായി പരിശോധിച്ചതിൽ അപേക്ഷകരായ ശ്രീ. അർഷാദ് അലി (എൽ.ഡി ക്ലാർക്ക് സീനിയോരിറ്റി ലിസ്റ്റ് ക്രമനമ്പർ -84 ), ശ്രീ. കൃഷ്ണപ്രസാദ് (എൽ.ഡി ക്ലാർക്ക് സീനിയോരിറ്റി ലിസ്റ്റ് ക്രമനമ്പർ -142 ), ശ്രീ. സുജീഷ് കെ. (എൽ.ഡി ക്ലാർക്ക് സീനിയോരിറ്റി ലിസ്റ്റ് ക്രമനമ്പർ -162), ശ്രീ. പ്രശാന്ത് എച്ച്. (എൽ.ഡി ക്ലാർക്ക് സീനിയോരിറ്റി ലിസ്റ്റ് ക്രമനമ്പർ -265), ശ്രീ. സുരേഷ് കെ(എൽ.ഡി ക്ലാർക്ക് സീനിയോരിറ്റി ലിസ്റ്റ് ക്രമനമ്പർ -279 ) എന്നിവർ 2016 ജനുവരിയിൽ പി.എസ്.സി നടത്തിയ വകുപ്പ്തല പരീക്ഷയിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ആവശ്യമായ നിർബന്ധിത യോഗ്യത 04/05/2016 തീയതി പ്രാബല്യത്തിൽ നേടിയിട്ടുണ്ടെന്നും ടി അപേക്ഷകരെക്കാൾ ജൂനിയറായിട്ടുള്ളവർക്ക് അപേക്ഷകരുടെ സീനിയോരിറ്റി മറികടന്ന് പരാമർശം (1) ഉത്തരവ് പ്രകാരം പ്രൊമോഷൻ നൽകാൻ ഇടയായതായും കാണുന്നു. കൂടാതെ, 05/11/2015 തീയതിയിൽ പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുള്ള വകുപ്പ്തല പരീക്ഷാഫലം പ്രകാരം സീനിയർ ക്ലർക്ക് തസ്തികയിൽ സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയ ക്ലർക്ക് തസ്തികയുടെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ 243 ആയ, ശ്രീ.ഗോപകുമാർ.പി.എൻ-ന് തുടർന്നുണ്ടായ ഒഴിവുകളിലൊന്നും പരിഗണിക്കാതെ 17/06/2016 തീയതിയിൽ മാത്രമാണ് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതെന്നും കാണുന്നു.

ഈ സാഹചര്യത്തിൽ പരാമർശം (9) പ്രകാരം സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ പരാമർശം (1) സ്ഥാനക്കയറ്റ ഉത്തരവിലെ 05/11/2015 മുതൽ 17/06/2016 വരെ ഉണ്ടായ ഒഴിവുകളിലേയ്ക്ക് നിശ്ചിത തീയതികളിൽ യോഗ്യത ഉണ്ടായിട്ടും സ്ഥാനക്കയറ്റം ലഭിക്കാതിരുന്ന മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാർക്ക് ജൂനിയറിന് പ്രൊമോഷൻ നൽകിയ തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ചുവടെ ചേർക്കുംപ്രകാരം നോഷണൽ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേരും തസ്തികയും | എൽ.ഡി ക്ലാർക്ക് സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച തീയതി | സീനിയർ ക്ലാർക്ക് തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിക്കുന്ന തീയതി |
|---|---|---|---|---|
| 1. | ശ്രീ. ഗോപകുമാർ പി.എൻ., സീനിയർ ക്ലാർക്ക് | 243 | 17/06/2016 | 12/11/2015 (എൽ.ഡി ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 277 ആയ ശ്രീമതി.നസീറബീഗം.എം -ന് സ്ഥാനക്കയറ്റം നൽകിയ തീയതി പ്രാബല്യത്തിൽ) |
| 2. | ശ്രീ.അർഷാദ് അലി, സീനിയർ ക്ലാർക്ക് | 84 | 17/06/2016 | 01/06/2016 (എൽ.ഡി ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 230 ആയ ശ്രീമതി.ഷീബ പുത്തൻപുരയിൽ-ന് സ്ഥാനക്കയറ്റം നൽകിയ തീയതി പ്രാബല്യത്തിൽ) |
| 3. | ശ്രീ.കൃഷ്ണ പ്രസാദ്, സീനിയർ ക്ലാർക്ക് | 142 | 17/06/2016 | 16/06/2016 (എൽ.ഡി ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 282 ആയ ശ്രീമതി.,ഷെഹനാ.എൻ.എച്ച്-ന് സ്ഥാനക്കയറ്റം നൽകിയ തീയതി പ്രാബല്യത്തിൽ) |

മേൽപ്രകാരം ടി ജീവനക്കാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സീനിയോരിറ്റിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

പരാമർശം (6), (7), (8) എന്നിവ പ്രകാരം യഥാക്രമം ശ്രീ.സുജീഷ്.കെ.എസ്, ശ്രീ.പ്രശാന്ത്.എച്ച്, ശ്രീ.സുരേഷ്.കെ എന്നിവർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ, ടിയാളുകൾ സ്ഥാനക്കയറ്റത്തിനായുള്ള വകുപ്പുതല പരീക്ഷായോഗ്യത

നേടിയത് 04/05/2016 തീയതിയിലാണെന്നും ഇവർക്ക് നിലവിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള 17/06/2016 തീയതിയിൽ തന്നെയാണ് സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതെന്നും കാണുന്നു. എന്നാൽ 17/06/2016 തീയതിയിൽ ഉണ്ടായിട്ടുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ 8 ഒഴിവുകളിലേയ്ക്ക് പരാമർശം (1) പ്രകാരമുള്ള സ്ഥാനക്കയറ്റ ഉത്തരവിൽ ഇവരേക്കാൾ ജൂനിയറായ ശ്രീമതി. ഷെഹന.എൻ.എച്ച് (എൽ.ഡി ക്ലാർക്ക് സീനിയോരിറ്റി ലിസ്റ്റ് ക്രമനമ്പർ - 282), ശ്രീമതി.വർക്കി ത്രേസ്യാ ലീന.കെ.റ്റി (എൽ.ഡി ക്ലാർക്ക് സീനിയോരിറ്റി ലിസ്റ്റ് ക്രമനമ്പർ - 283), ശ്രീമതി.നിഷമോൾ.എസ്.കെ (എൽ.ഡി ക്ലാർക്ക് സീനിയോരിറ്റി ലിസ്റ്റ് ക്രമനമ്പർ - 288) എന്നിവർക്ക് പരാതിക്കാരുടെ ക്രമ നമ്പറിന് മുകളിലായി അതേ തീയതിയിൽ സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതായും ആയത് പ്രകാരം തയ്യാറാക്കിയ സീനിയോരിറ്റി ലിസ്റ്റിൽ പരാതിക്കാർക്ക് മുകളിലായി സീനിയർ ക്ലാർക്ക് തസ്തികയിൽ സീനിയോരിറ്റി ക്രമീകരിച്ച് നൽകിയിട്ടുള്ളതായും കാണുന്നു.

ഇതനുസരിച്ച് ശ്രീ.സുജീഷ്.കെ.എസ്, ശ്രീ.പ്രശാന്ത്.എച്ച്, ശ്രീ.സുരേഷ്.കെ എന്നിവർക്ക് എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ തീയതിയിൽ വ്യത്യാസം വരുന്നില്ല. എങ്കിലും ഇവർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി അർഹതപ്പെട്ട ഒഴിവുകളിൽ ഇതേ തീയതിയിൽ ജൂനിയറായവർക്ക് സ്ഥാനക്കയറ്റം അനുവദിച്ചതുമൂലം ഇവരുടെ സീനിയോരിറ്റിയെ ബാധിച്ചതായും ആയത് ക്രമപ്പെടുത്തേണ്ടതുണ്ടെന്നും കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ടി ജീവനക്കാരുടെ സീനിയർ കാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റം ചുവടെ ചേർക്കുംപ്രകാരം പുനഃക്രമീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

| ക്രമ നം. | പേരും തസ്തികയും | എൽ.ഡി ക്ലാർക്ക് സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച തീയതി | വകുപ്പുതല പരീക്ഷാ യോഗ്യ നേടിയ പ്രകാരം, സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതപ്പെട്ട ഒഴിവ് |
|---|---|---|---|---|
| 1. | ശ്രീ.സുജീഷ്.കെ.എസ്, സീനിയർ ക്ലാർക്ക് | 162 | 17/06/2016 | ശ്രീമതി.എസ്.ആർ.സൗമ്യക്ക് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് |

| | | | | |
|---|---|---|---|---|
| 2. | ശ്രീ.പ്രശാന്ത്.എച്ച്, സീനിയർ ക്ലാർക്ക് | 265 | 17/06/2016 | ശ്രീ.അനൂപ് കുമാർ.എസ്-ന് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് |
| 3. | ശ്രീ.സുരേഷ്.കെ, സീനിയർ ക്ലാർക്ക് | 279 | 17/06/2016 | ശ്രീ.മനോജ്.ഇ-യ്ക്ക് ഹെഡ് ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് |

മേൽപ്രകാരം ടി ജീവനക്കാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ സീനിയോരിറ്റിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ടി ജീവനക്കാരുടെ സേവനപുസ്തകത്തിലും സ്പാർക്കിലും ആവശ്യമായ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർ വരുത്തേണ്ടതാണ്.

(ഒപ്പ്)
ലേബർ കമ്മീഷണർ

ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ്സൈറ്റ് മുഖേന)

<u>പകർപ്പ്:-</u>

1. ലേബർ കമ്മീഷണറുടെ പി.എ
2. അഡീഷണൽ ലേബർ കമ്മീഷണർ(ഡബ്ല്യു, ഐ.ആർ, ഇ)
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. ജോയിന്റ് ലേബർ കമ്മീഷണർ (പി)
5. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
6. ഫയൽ/സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

M. S. Priya

ജൂനിയർ സൂപ്രണ്ട്

എസ്.എൻ/30.10.24